# ഭദ്രദീപ

**ഭദ്രാവതി രൂപതാബുള്ളറ്റിൻ**

**Vol. 12, No. 2** **June - August, 2018**

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bishop's House, St. Joseph's Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം

സർക്കുലർ..........................................................................4

ലോക മാധ്യമദിനസന്ദേശം – 2018................................................7

സഭാദിനം – ഇടയലേഖനം ........................................................ 17

രൂപതാകച്ചേരി വാർത്തകൾ........................................................ 23

മതബോധന – ബൈബിൾ കമ്മീഷൻ ........................................ 29

വൊക്കേഷൻ ബ്യൂറോ ................................................................ 37

മാതൃവേദി.................................................................................. 39

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി.................................. 41

Diocesan Programme for 2018-2019 ........................................43

Bishop's Diary.............................................................................48

Bishop's Programme...................................................................51

Kannada Section.........................................................................52

# സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരെ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ഓർമ്മ തിരുന്നാൾ ജൂലൈ 3 ന് നാം ആഘോഷിച്ചു കഴിഞ്ഞതേയുള്ളു. തോമാ ശ്ലീഹായുടെ ദുക്റാനയുടെ ആശംസകൾ നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽകൂടി പ്രാർത്ഥനാപൂർവ്വം നേരുന്നു. ഈശോ മിശിഹായെ വ്യക്തി പരമായി ഏറെ സ്നേഹിക്കുകയും, ആ സ്നേഹത്തേ പ്രതി വിദൂരമായ ഭാരത മണ്ണിലെത്തി സുവിശേഷം പ്രസംഗിക്കുകയും ചെയ്ത തോമാ ശ്ലീഹായാണ് വിശ്വാസത്തിൽ നമ്മുടെ പ്രചോദനവും, മാതൃകയും. താൻ വിശ്വസിച്ച കാര്യങ്ങൾ ജീവിക്കുന്നതിനും, അതിന് സാക്ഷ്യം നൽകുന്നതിനും ഏതുത്യാഗവും സഹിക്കുവാനും സ്വന്തജീവൻ പോലും നൽകുവാനും തയ്യാറായ വി.തോമാശ്ലീഹായുടെ മാതൃക തോമാശ്ലീഹാ യുടെ മക്കളെന്നഭിമാനിക്കുന്ന നാമും പിൻതുടരേണ്ടതുണ്ട്. അതിനായി നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമെന്നഭി മാനിക്കുന്നവരാണ് നമ്മുടെ മാതൃസഭയായ സീറോ മലബാർ സഭയുൾപ്പെടെ ഭാരത ക്രൈസ്തവ സഭകളിൽ നല്ലൊരു പങ്കും. ക്രൈസ്ത വ സമൂഹം വലിയ വെല്ലുവിളികളെയും പരീക്ഷണങ്ങളെയും നേരി ടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. സഭ യുടെ കെട്ടുറപ്പിനെയും നിലനിൽപിനെയും തകർക്കുന്ന രീതിയിൽ സഭയ്ക്കുള്ളിൽ നിന്നും പുറത്തു നിന്നും ഒരേ സമയം ഉണ്ടാകുന്ന ആക്രമണങ്ങളെ ആശങ്കയോടെ നാം നോക്കിക്കാണേണ്ടതുണ്ട്. ഒരു വശത്ത് തോമാശ്ലീഹാഭാരതത്തിൽ വന്നിട്ടില്ല എന്നു സ്ഥാപിക്കുവാൻ ശ്രമം നടക്കുമ്പോൾ, മറുവശത്ത് അടുത്ത കാലത്ത് സഭയിൽ നടന്നതോ, നടന്നു എന്നാരോപിക്കപ്പെടുന്നതോ ആയ ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ ഒരു സഭാ സമൂഹത്തെ മുഴുവൻ, അതിന്റെ സകലനമകളെ യും മറച്ചുവച്ചുകൊണ്ട്, വളഞ്ഞിട്ടാക്രമിക്കുന്ന രീതി വേദനയും, ആശങ്കയുമുളവാക്കുന്നു. ഉദാഹരണത്തിന്, എറണാകുളം അങ്കമാലി

അതിരൂപതയിൽ അടുത്ത കാലത്തുനടന്ന സ്ഥലം വാങ്ങൽ, വിൽപ്പന വിവാദത്തെ തുടർന്നും, മറ്റു ചില സഹോദരീ സഭകളിൽ നടന്നതോ, നടന്നു എന്നു ആരോപിക്കപ്പെടുന്നതോ ആയ ഒറ്റപ്പെട്ട ചില സംഭവങ്ങളെ തുടർന്നും ദൃശ്യമാധ്യമങ്ങളിലൂടെ നടക്കുന്ന മാധ്യമ വിചാരണയും, വിധിയും, മാധ്യമ മര്യാദയുടെ എല്ലാ പരിധിയും ലംഘിക്കുന്നു. സഭയിൽ നിന്നകന്നു നില്കുന്നവരും, തങ്ങൾക്കിഷ്ടപ്പെട്ടവരുമായ ചില വ്യക്തി കളെ, സഭാ വക്താക്കളെന്ന നിലയിൽ അവതരിപ്പിച്ചു കൊണ്ട് ഏകപക്ഷീ യമായി നടത്തുന്ന പ്രസ്തുത വിചാരണകളിലൂടെ സഭാസമൂഹത്തെ മുഴവൻ അവഹേളിക്കുന്നു. സഭാ നേതൃത്വത്തെ, പ്രത്യേകിച്ച് പൗരോഹി ത്യത്തെയും, സന്യാസജീവിതത്തെയും, സഭയിലെ വിശുദ്ധ കൂദാശ കളെയും അപമതിക്കാനും, അവഹേളിക്കാനും നടക്കുന്ന ശ്രമങ്ങളെ അപലപിക്കാതെ വയ്യ. ദൃശ്യമാധ്യമങ്ങളിലൂടെയും, സോഷ്യൽ മീഡിയയി ലൂടെയും വരുന്ന ഇപ്രകാരമുള്ള വാർത്തകളെയും, മാധ്യമ വിചാരണ കളെയും വിമർശനബുദ്ധിയോടെയും, വിവേചനത്തോടെയും സ്വീകരിക്കുവാൻ നമുക്ക് കഴിയണം. മാധ്യമങ്ങളിൽ നാം കാണുക യും കേൾക്കുകയും ചെയ്യുന്നവയെല്ലാം ഒരു വിവേചനയും കൂടാതെ ഉൾക്കൊള്ളുകയും, സോഷ്യൽ മീഡിയയിലൂടെ പങ്കു വയ്ക്കുകയും ചെയ്യുമ്പോൾ നാമും സഭാ ശത്രുക്കളുടെ കെണിയിൽ പെടുന്നു എന്നും, അവരുടെ ഉപകരണങ്ങളായി മാറുന്നു എന്നും നാം തിരിച്ചറിയണം.

സഭയിൽ ആർക്കെങ്കിലും തെറ്റുപറ്റുകയോ, അവർ കുറ്റകൃത്യത്തിൽ ഏർപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരെ നാം ഒരു രീതിയിലും ന്യായീകരിക്കേണ്ടതില്ല. അവരുടെ പേരിലുള്ള ആരോപണങ്ങൾ തെളി യിക്കപ്പെടുകയും അവർ ശിക്ഷിക്കപ്പെടുകയും വേണം. അതിന് സഭാ തലത്തിലും, രാജ്യത്തിന്റെ നിയമമനുസരിച്ച് സിവിൽ അധികാരികളി ലുടെയും നടക്കുന്ന അന്വേഷണങ്ങൾ തീരുന്നതിന് കാത്തിരിക്കുവാൻ എല്ലാവർക്കും കഴിയണം. നമുക്കും അതിനു കഴിയട്ടെ.


പ്രിയ സഹോദരീ സഹോദരന്മാരെ, സഭ വലിയ പ്രതിസന്ധികളെ നേരി ടുന്ന ഈ കാലഘട്ടത്തിൽ, മാർത്തോമ്മാശ്ലീഹായുടെ മക്കളെന്ന നിലയിൽ നമുക്ക് സഭാ സമൂഹത്തോട് ചേർന്നു നില്ക്കാം. സഭാ ശത്രുക്കളുടെ

പദ്ധതികൾ തിരിച്ചറിയാൻ ശ്രമിക്കാം. നമുക്കു ബോധ്യമില്ലാത്ത കാര്യങ്ങൾ സോഷ്യൽ മീഡിയയിലൂടെയും മറ്റും പങ്കുവയ്ക്കാതിരിക്കാൻ ശ്രദ്ധിക്കാം. സഭയിൽ ആർക്കെങ്കിലും വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ അവ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പരിഹരിക്കപ്പെടുന്നതിന് കാത്തിരിക്കാം. സർവ്വോപരി അവർക്കു വേണ്ടി പ്രാർത്ഥിക്കാം. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഭാ നേതൃത്വത്തെ മുഴുവൻ അടച്ചാക്ഷേപിക്കുവാനും, കൂദാശകളെ അവമതിക്കാനും, സഭാ സമൂഹത്തെ അവഹേളിക്കുവാനും നടക്കുന്ന ശ്രമങ്ങളെ വിവേചനാപൂർവ്വം തിരിച്ചറിയാൻ നമുക്കു ശ്രമിക്കാം, അതിനെ അപലപിക്കാം. എല്ലാത്തിനും ഉപരി ഇപ്പോഴത്തെ പ്രതിസന്ധികളിൽ ദൈവീക ഇടപെടലിനായി നമുക്ക് പ്രാർത്ഥിക്കാം.

സഭ ഒരേ സമയം വിശുദ്ധവും ഒപ്പം പാപപങ്കിലവുമാണ്: സഭ വിശുദ്ധമായിരികുന്നത് അത് ഈശോമിശാഹയുടെ ശരീരമായതുകൊണ്ടും പരിശുദ്ധാത്മാവ് അതിൽ വസിക്കുന്നതു കൊണ്ടുമാണ്. സഭയിൽ കുറവുകളുള്ളത് അതിലെ അംഗങ്ങൾ ബലഹീനരായ മനുഷ്യരായതുകൊണ്ടാണ്. സഭയെ കുറ്റമറ്റതായി നിലനിർത്താൻ നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. അതിന് ഞാനും നിങ്ങളും കുറ്റമറ്റവരായി ജീവിക്കണം, വിശുദ്ധമായ ജീവിതം നയിക്കണം. ഇപ്പോഴത്തെ പ്രതിസന്ധികളിൽ സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനൊപ്പം മറ്റുള്ളവർ കുറ്റപ്പെടുത്താത്ത ജീവിത ശൈലിയിലൂടെ ക്രൈസ്തവ സാക്ഷ്യം നൽകാൻ നമുക്ക് ശ്രമിക്കാം. സഭയ്ക്കു വേണ്ടിയും, സഭാ നേതൃത്വത്തിനു വേണ്ടിയും നിങ്ങളുടെ തീക്ഷണമായ പ്രാർത്ഥന യാചിച്ചു കൊണ്ടും, നിങ്ങൾക്കായി ദൈവകൃപ പ്രാർത്ഥിച്ചു കൊണ്ടും നിറുത്തട്ടെ.

സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്



**മാർ ജോസഫ് അരുമച്ചാടത്ത്**

# ലോക മാധ്യമദിനസന്ദേശം-2018

**''സത്യം നിങ്ങളെ സ്വതന്ത്രരാക്കും''** (യോഹ 8:32)

***വ്യാജവാർത്തകളും സമാധാനത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനവും***

പ്രിയ സഹോദരീസഹോദരന്മാരേ,

വാർത്താവിനിമയം, നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപരമായ മാർഗവുമാണ്. നമ്മുടെ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദരവുമായതെല്ലാം പ്രകടിപ്പിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. നമ്മുടെ അനുഭവങ്ങളെയും നമുക്കുചുറ്റുമുള്ള ലോകത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഓർമ്മയും ധാരണയും സൃഷ്ടിക്കാൻ നമുക്കു കഴിയും. എന്നാൽ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും നാം കീഴ്പ്പെടുമ്പോൾ ആശയവിനിമയത്തിനുള്ള നമ്മുടെ സാധ്യത വികലമാക്കപ്പെടും. ഇത് ആദിമകാലം മുതലൽ കാണുന്ന ഒന്നാണ്. കായേൻ, ആബേൽ എന്നിവരെയും ബാബേൽ ഗോപുരത്തെയും സംബന്ധിച്ച് ബൈബിളിൽ കാണുന്ന കഥകളിൽ അതുകാണാം (ഉത്പ 4:4–16; 11:1–9). സത്യത്തെ വളച്ചൊടിക്കാനുള്ള കഴിവ്, വ്യക്തികളെന്ന നിലയിലും സമൂഹങ്ങളെന്ന നിലയിലുമുള്ള നമ്മുടെ അവസ്ഥയുടെ ലക്ഷണമാണ്. മറുവശത്ത്, നാം ദൈവത്തിന്റെ പദ്ധതിയോടു വിശ്വസ്തത പുലർത്തുമ്പോൾ ആശയവിനിമയം സത്യത്തിനുവേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വപൂർണമായ അന്വേഷണത്തിന്റെയും നന്മയെ പിന്തുടരുന്നതിന്റെയും കാര്യക്ഷമമായ പ്രകാശനമായിത്തീരും.

ഇന്ന്, വാർത്താവിനിമയത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ''വ്യജവാർത്തകൾ'' എന്നറിയപ്പെടുന്നവയുടെ വ്യാപനത്തിന് നാം സാക്ഷ്യംവഹിക്കേണ്ടിവരുന്നു. ഇത് നമ്മുടെ വിചിന്തനം ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ ലോകസമ്പർക്ക മാധ്യമദിന സന്ദേശത്തിൽ സത്യമെന്ന വിഷയം വീണ്ടും

അവതരിപ്പിക്കാൻ ഞാൻ നിശ്ചയിച്ചത്. ഈ വിഷയം പലകാലങ്ങളിലും എന്റെ മുൻഗാമികൾ ഉയർത്തിക്കാണിച്ചിട്ടുള്ളതാണ്. പോൾ 6–ാമൻ മാർപാപ്പ അതു തുടങ്ങിവച്ചു. അദ്ദേഹത്തിന്റെ 1972–ലെ സന്ദേശം ''സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സത്യത്തിനുള്ള സേവനത്തിന്'' എന്നതായിരുന്നു. ഈ വിചിന്തനങ്ങളോട് പങ്കുചേർന്ന് വ്യാജവാർത്തകളുടെ വ്യാപനത്തെ കണ്ടെത്താനും വാർത്താവിനിമയത്തിന്റെ മഹത്ത്വത്തെയും സത്യം അറിയിക്കാൻ വാർത്താവിതരണക്കാർക്കുള്ള വ്യക്തിപരമായ കടമയെയും പ്രചോദിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. വ്യാജവാർത്തയെ സംബന്ധിച്ച ''വ്യാജം'' എന്താണ്?

വ്യാജവാർത്തകൾ എന്ന പദം വലിയ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിഷയമായിട്ടുണ്ട്. പൊതുവേ, തെറ്റായ വിവരം ഓൺലൈൻവഴിയോ പരമ്പരാഗതമാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്തതോ വികലമാക്കപ്പെട്ടതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായനക്കാരനെ വഞ്ചിക്കാനും ദുരുപയോഗിക്കാനും വേണ്ടി തെറ്റായ വിവരങ്ങൾ നല്കലാണത്. വ്യാജവാർത്തകളുടെ പ്രചരിപ്പിക്കന്ന പ്രത്യേക ലക്ഷ്യങ്ങൾ നേടാനും രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനും സാമ്പത്തിക കാര്യങ്ങൾ സാധിക്കാനും സഹായകമാകും.

വ്യാജവാർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ കാരണം, ഒന്നാമതായി യഥാർത്ഥ വാർത്ത തെറ്റായിരിക്കാമെന്ന് തോന്നുംവിധം അവതരിപ്പിക്കാനുള്ള സാമർത്ഥ്യംകൊണ്ടാണ്. രണ്ടാമതായി തെറ്റായ വാർത്തയെ വിശ്വസിപ്പിക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്ന വഞ്ചനാത്മകമായ അവതരണമാണ്. അത് സ്ഥിരവും പൊതുവുമായ മുൻവിധികളെ അനുകൂലിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ആകുലത, വെറുപ്പ്, കോപം, മനോഭംഗം മുതലായി പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ അതു ചൂഷണം ചെയ്യുന്നു. സാമൂഹിക നെറ്റുവർക്കുകളുടെ ദുരുപയോഗത്തെയും അവയുടെ പ്രവർത്തന രീതിയെയും ആശ്രയിച്ചാണ് അത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കാനുള്ള കഴിവുണ്ടാകുന്നത്.

സത്യമല്ലാത്ത കഥകൾ പെട്ടെന്നു പ്രചരിക്കുകയും അവയുടെ ആധികാരിക നിഷേധങ്ങൾ അതുവഴിയുണ്ടായ നാശത്തെ തടയാൻ അപര്യാപ്തമാകുകയും ചെയ്യും.

വ്യാജവാർത്തകളെ തുറന്നു കാണിക്കാനും ഒഴിവാക്കാനും പ്രയാസമുണ്ട്. കാരണം, അനേകം ആളുകൾ വ്യത്യസ്തവീക്ഷണങ്ങളും അഭിപ്രായങ്ങളും കടന്നുചെല്ലാത്ത സ്ഥിരം ഡിജിറ്റൽ സാഹചര്യങ്ങളോടാണ് പ്രതികരിക്കുന്നത്. അങ്ങനെ, മുൻവിധികളെ കാര്യക്ഷമമായി വെല്ലുവിളിക്കാനും സർഗാത്മകമായ സംഭാഷണമുണ്ടാകാനും സഹായിക്കുന്ന മറ്റുള്ള ഗുണപരമായ ആശയവിനിമയ ഉറവിടങ്ങൾ ഇല്ലാത്തതുകൊണ്ട് വികലമാക്കൽ പ്രക്രിയ വളർന്നു പുഷ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത തെറ്റായ ആശയങ്ങളെ പ്രചരിപ്പിക്കാൻ, മനസ്സില്ലെങ്കിലും അവർ പ്രേരിപ്പിക്കപ്പെടുന്നു. തെറ്റായ വിവരം നല്കുന്നതിന്റെ സുരന്തം ഇതാണ്; അത് മറ്റുള്ളവരെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ട് അപമാനിക്കുകയും അവരെ ദുഷ്ടാത്മാക്കളായി ചിത്രീകരിച്ച് സംഘട്ടനത്തിലേക്കുവരെ നയിക്കുന്നു. സഹനശേഷിയില്ലാത്തതും അമിതവികാരംകൊള്ളിക്കുന്നതുമായ മനോഭാവങ്ങളുടെ അടയാളമാണ് വ്യാജവാർത്തകൾ. അത് മർക്കടമുഷ്ടിയും വിദ്വേഷവും പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുകയേ ഉള്ളൂ.

## 2. വ്യാജവാർത്തകളെ നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?

അസത്യങ്ങളെ നേരിടുകയെന്ന കടമയിൽ നിന്ന് ഞാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് വിചാരിക്കാൻ നമുക്ക് ആർക്കും സാധ്യമല്ല. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വ്യാജവാർത്തകൾ മിക്കപ്പോഴും മന:പൂർവം സൂത്രത്തിൽ ഒഴിഞ്ഞുമാറുന്നതും സൂക്ഷ്മതയോടെ വഴിതെറ്റിക്കുന്നതുമായ പ്രഭാഷണവിദ്യയിൽ അടിയുറപ്പിച്ചിരിക്കും. ചിലപ്പോൾ കുതർക്കങ്ങൾ ഉള്ള മനശ്ശാസ്ത്രപരമായ സമ്പ്രദായങ്ങൾ പ്രയോഗിച്ചിരിക്കും. മാധ്യമങ്ങൾ നല്കുന്ന വിവരങ്ങൾ വ്യാഖ്യാനിക്കാനും വിലയിരുത്താനും ജനങ്ങളെ സഹായിക്കുന്ന വിദ്യാഭ്യാസപരമായ പദ്ധതി സൃഷ്ടിക്കാൻ ഇന്നു പ്രശംസനീയമായ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വിവരങ്ങൾ ചിന്താശൂന്യരായി പ്രചരിപ്പിക്കാൻ സഹായിക്കാതെ തെറ്റുകളെ തുറന്നുകാണിക്കുന്നതിൽ സജീവമായി പങ്കുചേരാൻ അവ പഠിപ്പിക്കും.

ആ പ്രതിഭാസത്തെ നിയന്ത്രിക്കാൻ സ്ഥാപനപരവും നിയമപരവുമായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്നതും പ്രശംസനീയമാണ്. ദശലക്ഷക്കണക്കിനുള്ള ഡിജിറ്റൽ പ്രൊഫൈലുകളിൽ ഒളിച്ചുവച്ചിട്ടുള്ള വ്യക്തിപരമായ വിവരങ്ങൾ പരിശോധിച്ചറിയാനുള്ള മാനദണ്ഡങ്ങൾ സാങ്കേതികവും മാധ്യമപരവുമായ കമ്പനികൾ ചെയ്യുന്നുണ്ടെന്നതിനെ സംബന്ധിച്ച് ഒന്നും പറയേണ്ടതില്ലല്ലോ.

എന്നാലും വ്യാജവാർത്താപ്രചാരണത്തിന്റെ രീതിയെ തടയുകയും അതിനെ തിരിച്ചറിയുകയും ചെയ്യുകയെന്നത് വിവേചിച്ചറിയലിന്റെ അഗാധവും ശ്രദ്ധാപൂർവകവുമായ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. ''നിഗൂഢ വിപത്തുണ്ടാക്കുന്ന തന്ത്രങ്ങൾ'' എന്നു വിളിക്കപ്പെടാവുന്നതിനെ നാം തുറന്നുകാണിക്കണം. ഏതു സമയത്തും ഏതു സ്ഥലത്തും ശ്രദ്ധയാകർഷിക്കാൻ വേണ്ടി തങ്ങളെതന്നെ വേഷപ്രച്ഛന്നരാക്കുന്നവരാണ് ആ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. ഈ സമരതന്ത്രം തന്നെയാണ് ഉത്പത്തി പുസ്തകത്തിലെ ''തന്ത്രശാലിയായ പാമ്പ്'' പ്രയോഗിച്ചത്. അത് മനുഷ്യവംശത്തിന്റെ ആരംഭത്തിൽത്തന്നെ വ്യാജവാർത്ത സൃഷ്ടിച്ച് (ഉത്പ 3:1–15) മാനുഷിക പാപത്തിന്റെ ദുരന്തം തുടങ്ങിവച്ചു. സഹോദരനെ കൊല്ലുന്നതുവരെ അതു എത്തി (ഉത്പ 4). ദൈവത്തിനും അയൽക്കാരനും സമുദായത്തിനും സൃഷ്ടിക്കും എതിരായി ചെയ്യപ്പെട്ട അസംഖ്യം തിന്മകൾ അന്നുതുടങ്ങി. സമർത്ഥനായ ''നുണകളുടെ പിതാവിന്റെ'' (യോഹ 8:44) സമരതന്ത്രം കൃത്യമായി പറഞ്ഞാൽ മിമിക്രിയാണ്. വശീകരിക്കലിന്റെ കപടവും അപകടകരവുമായ രൂപമാണത്. അത് തെറ്റായതും വശീകരിക്കുന്നതുമായ വാദമുഖങ്ങളോടെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറുന്നു.

ആദിമപാപത്തിന്റെ വിവരണത്തിൽ പരീക്ഷകൻ സ്ത്രീയെ, അവളുടെ കൂട്ടുകാരനെന്ന ഭാവത്തിൽ സമീപിക്കുന്നു. അവളുടെ ക്ഷേമത്തിൽ മാത്രം താത്പര്യമുള്ളവനായി ഭാവിക്കുന്നു. ഭാഗികമായി മാത്രം സത്യമായ ഒരു കാര്യം പറഞ്ഞുകൊണ്ടു തുടങ്ങുന്നു. ''തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം യഥാർത്ഥത്തിൽ കല്പിച്ചിട്ടുണ്ടോ?'' (ഉത്പ 3:1). ദൈവം യഥാർത്ഥത്തിൽ ആദത്തോട് ഏതു മര

ത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ഒരിക്കലും പറഞ്ഞില്ല. ഒരു മരത്തിൽനിന്നു ഭക്ഷിക്കരുതെന്നേ പറഞ്ഞുള്ളൂ. നന്മയുടെയും തിന്മയുടെയും അറിവിന്റെ മരത്തിൽനിന്ന് ഭക്ഷിക്കരുതെന്നേ ദൈവം കല്പിച്ചിട്ടുള്ളൂ (ഉത്പ 2:17). സ്ത്രീ സർപ്പത്തെ തിരുത്താൻ ശ്രമിച്ചു. പക്ഷേ, അവന്റെ പ്രലോഭനത്തിനു വഴങ്ങിപ്പോയി. ''എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്'' (ഉത്പ 3:2) എന്ന് അവൾ പറഞ്ഞു. അവളുടെ ഉത്തരം നിയമപരവും നിഷേധപരവുമായ വാക്കുകളിൽ പൊതിഞ്ഞതായിരുന്നു. വഞ്ചകനെ കേൾക്കുകയും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് അവൻ നല്കിയ വ്യാഖ്യാനം അംഗീകരിക്കുകയും ചെയ്തപ്പോൾ സ്ത്രീ വഴിതെറ്റിക്കപ്പെട്ടു. അവൾ ആ വഞ്ചകർ നല്കിയ ഉറപ്പ് ശ്രദ്ധിച്ചു: ''നീ മരിക്കുകയില്ല'' (ഉത്പ 3:4).

പരീക്ഷകന്റെ അഴിച്ചുപണിയൽ സത്യത്തിന്റെ ഭാവം സ്വീകരിക്കുന്നു: ''അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം'' (ഉത്പ 3:5). ദൈവത്തിന്റെ പിതൃസഹജമായ കല്പന – അവരുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടത് – ശത്രുവിന്റെ ആകർഷകമായ വശീകരണംവഴി അവിശ്വസനീയമാക്കപ്പെട്ടു: ''ആ മരത്തിന്റെ പഴം രുചികരവും കണ്ണിനു കൗതുകകരവും അറിവുനല്കാൻ കഴിവുള്ളതുമാകയാൽ ആഗ്രഹിക്കത്തക്കതാണെന്ന് അവൾ കണ്ടു'' (ഉത് 3:6).

ബൈബിളിലെ ഈ സംഭവം നമ്മുടെ പരിചിന്തനത്തിനുള്ള സത്താപരമായ ഒരു ഘടകത്തെ പ്രകാശിപ്പിക്കുന്നു. ദ്രോഹം ചെയ്യാത്ത വളച്ചൊടിക്കൽ പോലെ മറ്റൊന്നില്ല. എന്നാൽ അബദ്ധത്തെ വിശ്വസിച്ചാൽ അതിൽ നിന്ന് കഠിനമായ അനന്തരഫലങ്ങളുണ്ടാകും. സത്യത്തിന്റെ നിസ്സാരമെന്നു തോന്നാവുന്ന വളച്ചൊടിക്കലും അപകടകരമായ അന്തരഫലങ്ങൾ ഉണ്ടാക്കും.

നമ്മെ അപകടത്തിലാക്കുന്നത് അത്യാഗ്രഹമാണ്. തെറ്റായ വാർത്തകൾ പെട്ടെന്നു പ്രചരിക്കുന്നതിനാൽ അതിനെ പിടിച്ചുനിറുത്താനാവാത്തവിധം വ്യാപിക്കും. അത് സാമൂഹികമാധ്യമങ്ങളെ പ്രചോദിപ്പിക്കുന്ന പങ്കു

വക്കൽ ബോധംമൂലമല്ല. പിന്നെയോ മനുഷ്യജീവികളിൽ പെട്ടെന്ന് ഉണർത്താൻ കഴിവുള്ള തൃപ്തിപ്പെടുത്താനാവാത്ത അത്യാഗ്രഹത്തെ അത് അനുകൂലിക്കുന്നതുകൊണ്ടാണ്. തെറ്റായ വിവരദാനത്തെ തീറ്റിപ്പോറ്റുന്നത് സാമ്പത്തികവും കൃത്രിമവുമായ ലക്ഷ്യങ്ങളാണ്. അവയാകട്ടെ അധികാരത്തിനുവേണ്ടിയുള്ള ദാഹത്തിലും സമ്പാദിച്ചുകൂട്ടാനും സന്തോഷിക്കാനുമുള്ള ആഗ്രഹത്തിലും അടിയുറപ്പിച്ചിരിക്കുന്നു. അതാകട്ടെ നമ്മെ ആത്യന്തികമായി കൂടുതൽ ദുരന്തത്തിലെത്തിക്കുന്നു: തിന്മയുടെ വഞ്ചനാത്മകമായ ശക്തിയാണത്. അത് നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെ ഒരു മാർഗത്തിൽനിന്നു മറ്റൊരു വഴിയിലേക്ക് തട്ടിക്കൊണ്ടുപോകുന്നു. അതുകൊണ്ടാണ് സത്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, നമ്മുടെ ഏറ്റവും ആഴത്തിലുള്ള ആഗ്രഹങ്ങളെയും പ്രവണതകളെയും തിരിച്ചറിയാനും വിലയിരുത്താനും മനസ്സിലാക്കാനും ജനങ്ങളെ പഠിപ്പിക്കാനുള്ളതായിരിക്കേണ്ടത്. നന്മയായതിനെ സംബന്ധിച്ച കാഴ്ച നഷ്ടപ്പെടാതിരിക്കാനും ഓരോ പ്രലോഭനത്തിനും കീഴ്പ്പെടാതിരിക്കാനും വേണ്ടിയാണത്.

### 3. ''**സത്യം നിങ്ങളെ സ്വതന്ത്രരാക്കും**'' **(യോഹ 8:32)**

വഞ്ചനാത്മകമായ ഭാഷകൊണ്ടുള്ള സ്ഥിരം ദുഷിപ്പിക്കൽ നമ്മുടെ ആന്തരിക ജീവിതത്തെ അവസാനം ഇരുണ്ടതാക്കിത്തീർക്കും. ഡൊസ്റ്റോവിസ്കിയുടെ നിരീക്ഷണം പ്രകാശം നല്കുന്ന ഒന്നാണ്: ''തങ്ങളോടു തന്നെ നുണപറയുകയും സ്വന്തം നുണയെ ശ്രവിക്കുകയും ചെയ്യുന്നവർ തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും ഉള്ള സത്യത്തെ തിരിച്ചറിയാനോ ശ്രവിക്കാനോ കഴിയാത്ത സ്ഥിതിയിലെത്തിച്ചേരും. അങ്ങനെ തങ്ങളെപ്പറ്റിയും ചുറ്റുമുള്ള മറ്റുള്ളവരെപ്പറ്റിയും ഉണ്ടായിരിക്കേണ്ട ബഹുമാനം നഷ്ടപ്പെടും. അവർ ആദരവില്ലാത്തതുകൊണ്ട് സ്നേഹിക്കാത്തവരും തങ്ങളെത്തന്നെ നിലനിറുത്താൻ ഏകാഗ്രതയില്ലാത്തവരുമായി തീവ്രവികാരങ്ങളിലേക്കും, മര്യാദയില്ലാത്ത സുഖങ്ങളിലേക്കും നീങ്ങും. അവർ തങ്ങളുടെ തിന്മകളിൽ മൃഗീയതയിലേക്കു മുങ്ങിത്താഴും. എല്ലാം തങ്ങളോടു തന്നെയും മറ്റുള്ളവരോടും നിരന്തം നുണപറഞ്ഞതുകൊണ്ടുതന്നെ'' (കാരമസോവ് ബ്രദേഴ്സ് II, 2).

അതുകൊണ്ട് നമ്മൾ എങ്ങനെ സ്വയം സംരക്ഷിക്കും? തെറ്റിന്റെ രോഗാ

ണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യംകൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുമതത്തിൽ സത്യം എന്നത് കാര്യങ്ങളെ സത്യമെന്നോ തെറ്റെന്നോ നിർവചിച്ച് എങ്ങനെ വിധിക്കുന്നു എന്ന വെറും സങ്കല്പപരമായ യാഥാർത്ഥ്യമല്ല. ഒളിച്ചുവച്ചിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തുകൊണ്ടുവരൽ, ''യാഥാർത്ഥ്യത്തെ വെളിപ്പെടുത്തൽ'' – മാത്രമല്ല സത്യം. പ്രാചീന ഗ്രീക്കുഭാഷയിൽ അലെത്തേയിയ (അ–ലെത്തെസ് = മറഞ്ഞിരിക്കാത്തത്) എന്നാണ് പറഞ്ഞിരുന്നത്. അത് നമ്മെ വിശ്വാസത്തിലേക്കു നയിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ. സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന ഒന്നാണ്. ബൈബിളിൽ പിന്തുണയുടെയും ഐക്യദാർഢ്യത്തിന്റെയും വിശ്വാസത്തിന്റെയും ഒരർത്ഥം അതിനുണ്ട്. 'അമാൻ' എന്ന ക്രിയാധാതുവിന് ആ അർത്ഥമാണുള്ളത്. ലിറ്റർജിപരമായ നമ്മുടെ 'ആമ്മേൻ' എന്ന പ്രയോഗത്തിന്റെ മൂലധാതു അതാണ്. മറിഞ്ഞുവീഴാതെ ചാരിനില്ക്കാവുന്ന ഒന്നാണ് സത്യം. ബദ്ധപൂർവകമായ ഈ അർത്ഥത്തിൽ യഥാർത്ഥത്തിൽ ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യമായിരിക്കുന്നതും ഒരാൾ മാത്രമാണ്. നമുക്ക് ആശ്രയിക്കാൻ പരിഗണിക്കാവുന്ന ഏകവ്യക്തി. ആ വ്യക്തിയാണ് ദൈവം. അതുകൊണ്ട് യേശുവിന് ഇങ്ങനെ പറയാനാവും: ''ഞാനാണു സത്യം''(യോഹ 14:6). നമ്മെ സ്നേഹിക്കുന്നവന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും സത്യത്തെ അനുഭവിച്ചറിയുമ്പോൾ നാം സത്യത്തെ കണ്ടെത്തുകയും വീണ്ടും കണ്ടെത്തുകയും ചെയ്യും. നമ്മെ സ്വതന്ത്രരാക്കാൻ ഇതിനുമാത്രമേ കഴിയുകയുള്ളൂ: ''സത്യം നിങ്ങളെ സ്വതന്ത്രരാക്കും '' (യോഹ 8:32).

**തെറ്റിൽ നിന്നുള്ള സ്വാതന്ത്ര്യവും ബന്ധത്തിനുവേണ്ടിയുള്ള അന്വേഷണവും:**

നമ്മുടെ വാക്കുകളും ആംഗ്യങ്ങളും സത്യസന്ധവും യഥാർത്ഥവും വിശ്വാസയോഗ്യവുമാകണമെങ്കിൽ ഈ രണ്ടു ഘടകങ്ങളും ഉണ്ടായിരിക്കണം. സത്യത്തെ വിവേചിച്ചറിയുന്നതിന് ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും തിരിച്ചറിയണം. ഒറ്റപ്പെടുത്താനും വിഭജിക്കാനും എതിർക്കാനും പ്രേരിപ്പി

ക്കുന്നവയെ മനസ്സിലാക്കണം. അതുകൊണ്ട് സത്യത്തെ വ്യക്തിത്വമി ല്ലാത്ത ഒന്നായി ബാഹ്യലോകത്തുനിന്ന് അടിച്ചേല്പിക്കുമ്പോൾ നാം യഥാർത്ഥത്തിൽ, അങ്ങിനെ സ്വീകരിക്കുന്നില്ല. എന്നാൽ വ്യക്തികൾ തമ്മി ലുള്ള സ്വതന്ത്രമായ ബന്ധങ്ങളിൽ നിന്ന് പരസ്പര ശ്രവണത്തിൽ നിന്ന് – ഉണ്ടാകുമ്പോൾ മാത്രമാണ് സ്വീകരിക്കുന്നത്.

സത്യാന്വേഷണം ഒരിക്കലും നിർത്തിവയ്ക്കാനും സാധ്യമല്ല. എന്തെന്നാൽ അസത്യം എപ്പോഴും കയറിക്കൂടാം. സത്യമായ കാര്യങ്ങൾ പറയുമ്പോൾപോലും അതുണ്ടാകാം. തെറ്റുവരാനാവാത്ത ഒരു വാദ മുഖം യഥാർത്ഥത്തിൽ നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളിൽ അധി ഷ്ഠിതമാണ്. എന്നാൽ അത് മറ്റൊരാളെ ദ്രോഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അയാളെ വിശ്വസിക്കാനാവാത്തവനായി കാണിക്കാനും ഉപ യോഗിച്ചാൽ, അത് എത്ര ശരിയായി കാണപ്പെട്ടാലും സത്യപൂർണമായി രിക്കുകയില്ല.

പ്രസ്താവനകളുടെ സത്യസന്ധതയെ അവയുടെ ഫലങ്ങളിൽ നിന്ന് നമുക്കു തിരിച്ചറിയാം. അവ വഴക്കുകൾക്കു കാരണമാകുന്നുണ്ടോ? വി ഭജനമുണ്ടാക്കുന്നുണ്ടോ? പിന്തിരിയാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അതോ സർഗാത്മകമായ സംഭാഷണത്തിലേക്കും ഫലപൂർണമായ അന ന്തരഫലങ്ങളിലേക്കും നയിക്കുന്ന വിവരങ്ങൾ അറിയുന്ന പക്വമായ വിചിന്തനത്തിലേക്കു നയിക്കുന്നുണ്ടോ?

### 4. സമാധാനമാണ് യഥാർത്ഥ വാർത്ത

അബദ്ധങ്ങൾക്കെതിരായിട്ടുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമരത ന്ത്രങ്ങളല്ല, പിന്നെയോ വ്യക്തികളാണ്: അത്യാഗ്രഹമില്ലാത്ത മനുഷ്യർ, കേൾക്കാൻ തയ്യാറായിട്ടുള്ളവർ. സത്യം പുറത്തുവരുന്നതിന് ആത്മാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശ്രമിക്കുന്നവൻ, നന്മയാൽ ആകർഷിക്കപ്പെടുന്നവർ, ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ഉത്തരവാദിത്വം വഹിക്കാൻ തയ്യാറുള്ളവർ. വ്യാജവാർത്തകളുടെ പ്രചാ രണത്തിനുള്ള പ്രത്യുത്തരം ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നല് കുകയെന്ന ജോലി ചെയ്യുന്നവർക്ക് – ജേർണലിസ്റ്റുകൾക്ക് വലിയ ഉത്ത

രവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. ഒരർത്ഥത്തിൽ അവരുടേത് ഇന്നത്തെ ലോകത്ത് വെറും ജോലിയല്ല. അത് ഒരു ദൗത്യ മാണ്. ഉന്മാദത്തെ തീറ്റിപ്പോറ്റുന്നതിന്റെയും വാർത്തകൾ തട്ടിയെടുത്തു പെട്ടെന്നു പ്രചരിപ്പിക്കാനുള്ള ഭ്രാന്തുപിടിച്ച ഓട്ടത്തിന്റെയും മധ്യത്തിൽ അവർ ഒരു കാര്യം ഓർക്കണം: വിവരദാനത്തിന്റെ ഹൃദയം റിപ്പോർട്ടുചെ യ്യുന്നതിലുള്ള ധൃതിയൽ, അത് ശ്രോതാക്കളിൽ ചെലുത്തുന്ന സ്വാധീനവു മല്ല, പിന്നെയോ വ്യക്തികളാണ്. മറ്റുള്ളവർക്ക് അറിവുപകരുകയെന്നതി ന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുകയെന്നതാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയെന്നതാണ്. അതുകൊണ്ടാണ് ഉറവിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതും വിവരദാനത്തെ സംരക്ഷി ക്കുന്നതും നന്മയെ വളർത്താനും വിശ്വാസ്യതയെ ജനിപ്പിക്കാനും കൂട്ടാ യ്മയ്ക്കും സമാധാനത്തിനുമുള്ള മാർഗം തുറക്കാനും വേണ്ടിയുള്ള യഥാർത്ഥ മാർഗമായിരിക്കുന്നത്.

അതുകൊണ്ട്, സമാധാനത്തിന്റെ ജേർണലിസത്തെ വളർത്താൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇതുവഴി, ഗൗരവമുള്ള പ്രശ്നങ്ങളെ അംഗീ കരിക്കാതെ മധുരിപ്പിക്കുന്ന ജേർണലിസം എന്നോ തീവ്രവികാരത്തെ ഉദ്ദീപിക്കുന്ന ജേർണലിസമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. നേരേമറിച്ച്, സത്യസന്ധവും തെറ്റുകളെയും തർക്കപരമായ മുദ്രാവാക്യങ്ങളെയും വികാരതീവ്രതയുണ്ടാക്കുന്ന തലവാചകങ്ങളെയും എതിർക്കുന്ന ജേർണലിസമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങ ളാൽ സൃഷ്ടിക്കപ്പെട്ട, എല്ലാവർക്കും സേവനം ചെയ്യുന്ന – പ്രത്യേകിച്ച് നമ്മുടെ ലോകത്തിൽ ഭൂരിപക്ഷമായിട്ടുള്ള ശബ്ദമില്ലാത്തവർക്ക് സേവ നംചെയ്യുന്ന ജേർണലിസംതന്നെ. അത് ബ്രേക്കിംഗ് ന്യൂസുകളിൽ കുറച്ചു മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കണം. സംഘട്ടനങ്ങളുടെ അടി യിലുള്ള കാരണങ്ങളെ കണ്ടെത്തുന്നതും കൂടുതൽ ആഴത്തിൽ ധാരണ യുണ്ടാകാനും ഗുണകരമായ പ്രക്രിയയിലൂടെ അവയുടെ പരിഹാ രത്തിനു സഹായിക്കുന്നതുമായിരിക്കണം. അലറുന്ന പരാക്രമത്തിനും വാക്കുകൊണ്ടുള്ള അക്രമത്തിനും പകരമായിട്ടുള്ളവ ചൂണ്ടിക്കാണിക്കു ന്നതിന് സ്വയം സമർപ്പിക്കുന്ന ഒരു ജേർണലിസമാണു വേണ്ടത്.

ഈ ലക്ഷ്യത്തിനായി വ്യക്തിയായിത്തീർന്ന സത്യത്തിലേക്ക് ഫ്രാൻസിസ്കൻ പ്രാർത്ഥനയിൽ നിന്നു പ്രചോദനം സ്വീകരിച്ച് നമുക്കു തിരിയാം:

കർത്താവേ, ഞങ്ങളെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കണമേ.

കൂട്ടായ്മയെ സൃഷ്ടിക്കാത്ത വിവരദാനപ്രക്രിയയിൽ ഒളിഞ്ഞിരിക്കുന്ന തിന്മയെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ.

ഞങ്ങളുടെ ന്യായവിധികളിൽ നിന്ന് വിഷംമാറ്റിക്കളയാൻ ഞങ്ങളെ സഹായിക്കണമേ.

മറ്റുള്ളവരെ ഞങ്ങളുടെ സഹോദരീസഹോദരന്മാരായി കണ്ട് സംസാരിക്കാൻ ഞങ്ങളെ സഹായിക്കണമേ,

അവിടന്ന് വിശ്വസ്തനും വിശ്വാസയോഗ്യനുമാകുന്നു, ഞങ്ങളുടെ വാക്കുകൾ ലോകത്തിനു നന്മയുടെ വിത്തുകളായിരിക്കട്ടെ:

ആക്രോശമുള്ളിടത്ത് ഞങ്ങൾ ശ്രവണം പരിശീലിക്കട്ടെ.

ആശയക്കുഴപ്പമുള്ളിടത്ത് ഞങ്ങൾ സമന്വയത്തെ പ്രചോദിപ്പിക്കട്ടെ.

സംശയമുള്ളിടത്ത് ഞങ്ങൾ വ്യക്തത കൊണ്ടുവരട്ടെ.

പരിവർജ്ജനമുള്ളിടത്ത് ഞങ്ങൾ ഐക്യദാർഢ്യം നല്കട്ടെ.

പ്രക്ഷോഭമുള്ളിടത്ത് ഞങ്ങൾ സമചിത്തത ഉപയോഗിക്കട്ടെ.

ഉപരിപ്ലവത്വമുള്ളിടത്ത് ഞങ്ങൾ യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കട്ടെ.

മുൻവിധിയുള്ളിടത്ത് ഞങ്ങൾ വിശ്വാസ്യതയെ ഉണർത്തട്ടെ.

ശത്രുതയുള്ളിടത്ത് ഞങ്ങൾ ബഹുമാനം കൊണ്ടുവരട്ടെ.

അബദ്ധമുള്ളിടത്ത് ഞങ്ങൾ സത്യം കൊണ്ടുവരട്ടെ.

**ഫ്രാൻസിസ് മാർപാപ്പാ**

## സഭാദിനം – ഇടയലേഖനം

*സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർ ക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.*

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരേ,

മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് പതിവുപോലെ ഈ കത്തെഴുതുകയാണ്. ഇപ്രാവശ്യം മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മൾ പരിചിന്തനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കുന്നത് നല്ലതാണ്. അവ ഓരോന്നായി പ്രതിപാദിച്ചുകൊള്ളട്ടെ.

ഒന്നാമതായി, നമ്മുടെ ശ്രദ്ധ പ്രേഷിതപ്രവർത്തനത്തിലേക്ക് തിരിയേണ്ടിയിരിക്കുന്നു. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമുള്ള അവകാശം പരിശുദ്ധ സിംഹാസനം 2017 ഒക്ടോബർ 9–ാം തീയതി അംഗീകരിച്ച് തന്നതിനുശേഷമുള്ള ആദ്യത്തെ ദുക്റാന തിരുനാളാണല്ലൊ ഇത്. പ്രേഷിതപ്രവർത്തനമെന്നത് നമ്മുടെ വാക്കിലും പ്രവൃത്തിയിലും ഈശോയെ ലോകത്തിനു നൽകുന്ന ജീവിതശൈലിയാണ്. പ്രേഷിത പ്രവർത്തനങ്ങൾ എന്നതിനേക്കാൾ പ്രേഷിതജീവിതമാണ് പ്രാധാന്യമർഹിക്കുന്നത്. ഓരോ ക്രൈസ്തവനും മാമോദീസായിലൂടെ ലഭിക്കുന്ന ദൈവവിളിയാണ് ഈ പ്രേഷിതദൗത്യം. അതിനാൽ ഓരോരുത്തരും തങ്ങളുടെ ജീവിതത്തിലൂടെ മിശിഹായ്ക്കു സാക്ഷ്യം നൽകേണ്ടിയിരിക്കുന്നു. ഈ പ്രേഷിതദൗത്യത്തിന് ഓരോരുത്തർക്കും സ്വാഭാവികമായിത്തന്നെ വ്യത്യസ്ത രീതികൾ അവലംബിക്കേണ്ടിവരും. കുടുംബജീവിതക്കാരായ അല്മായരും ഏകസ്ഥജീവിതക്കാരും സമർപ്പിതരും വൈദികരും മെത്രാന്മാരും വിവിധ രീതികളിലാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്. എല്ലാവർക്കും ഒരേ ഒരു ലക്ഷ്യമേയുള്ളൂ: തങ്ങളുടെ വിളി അനുസരിച്ച് സഭാത്മകജീവിതം നയിക്കുക. ഈ ഉത്തരവാദിത്വത്തിൽ എല്ലാ ക്രൈസ്തവരും തുല്യരാണ്. ശുശ്രൂഷാ

രീതികളിൽ വൈവിധ്യം ഉണ്ടെന്ന് മാത്രം. ഈശോമിശിഹാ തന്റെ സഭയിൽ തുടരുന്ന പ്രേഷിതവേലയുടെ നിർവാഹകരാണ് നാമോരോരുത്തരും. എല്ലാ സഭാംഗങ്ങളുടെയും വ്യത്യസ്തമായ ശുശ്രൂഷകളിലൂടെ മിശിഹായുടെ ദൗത്യംതന്നെ നമ്മൾ തുടർന്നുകൊണ്ടിരിക്കുന്നു. അതിനാൽ, എല്ലാവരും ഈ ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോഴാണ് സഭയുടെ സാക്ഷ്യം മിശിഹായുടെ സാക്ഷ്യമാകുന്നത്.

പ്രേഷിതദൗത്യ നിർവഹണത്തിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ശൈലിയാണ് നമ്മൾ സ്വീകരിക്കേണ്ടത്. ആരും ആരുടെയും മേൽ അധികാരം ചെലുത്തുകയല്ല പ്രത്യുത, പരസ്പരം ശുശ്രൂഷകരായി വർത്തിക്കുകയാണ് വേണ്ടത്. ഓരോരുത്തരുടെയും ശുശ്രൂഷകൾക്ക് ആവശ്യകമായ പിന്തുണ നൽകുവാനും പരസ്പര സഹകരണത്തോടെ പ്രവർത്തിക്കാനും എല്ലാവർക്കും കടമയുണ്ട്. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറയുന്നു: 'മിശിഹായുടെ പ്രതിനിധികളായി വാക്കിലും പ്രവൃത്തിയിലും അവിടുത്തെ സന്ദേശവും ജീവിതസാക്ഷ്യവും മറ്റുള്ളവർക്ക് നൽകുന്നവർ എന്ന അർത്ഥത്തിൽ ക്രൈസ്തവരെല്ലാവരും പ്രവാചകരാണ്'.

രണ്ടാമതായി, നമ്മുടെ ശ്രദ്ധ തിരിയേണ്ട വിഷയം കുടുംബ പ്രേഷിതത്വമാണ്. കുട്ടികളുടെ വിശ്വാസജീവിതപരിശീലനം ക്രൈസ്തവസാക്ഷ്യം നൽകാൻ എപ്രകാരം അവരെ ശക്തരാക്കും എന്ന കാഴ്ചപ്പാട് നമുക്കുണ്ടാകണം. മാതാപിതാക്കൾ, വിശ്വാസ പരിശീലകർ, വിശ്വാസ പരിശീലന ഡയറക്ടർമാർ, ഇടവക വികാരിമാർ, മെത്രാന്മാർ ഏവരും ഒന്നിച്ചു നിർവഹിക്കേണ്ട ദൗത്യമാണിത്. ധാർമ്മികജീവിതത്തിലെ വെല്ലുവിളികളെല്ലാം ക്രൈസ്തവ ജീവിതശൈലിക്ക് യോജിച്ച രീതിയിൽ നേരിടാൻ കുട്ടികൾ പരിശീലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. കുട്ടികൾ വളർന്ന് വരുമ്പോൾ മാധ്യമങ്ങളുടെ, പ്രത്യേകിച്ച് ഇന്റർനെറ്റ് മാധ്യമങ്ങളുടെ ഉപയോഗം നല്ല രീതിയിൽ അഭ്യസിക്കാൻ വേണ്ട മാർഗ്ഗനിർദേശങ്ങളും നൽകണം. മറ്റേതൊരു രംഗത്തും എന്നതുപോലെ ഇവിടെയും വിലക്കുകളെക്കാൾ ക്രിയാത്മകമായ അഭ്യസനരീതികൾക്കാണ് പ്രാമുഖ്യം നൽകേണ്ടത്.

കുടുംബജീവിതത്തിന്റെ അടിസ്ഥാനം വിവാഹമെന്ന കൂദാശയാണ്. 'ദൈവം നൽകുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ നയിക്കുന്നതിനും അവിടുന്ന് നിങ്ങളെ സഹായിക്കട്ടെ' എന്ന വിവാഹ കർമ്മത്തിലെ ആശീർവാദപ്രാർത്ഥന ഈ കാലഘട്ടത്തിൽ നമ്മെ കൂടുതൽ ചിന്തിപ്പിക്കേണ്ടതാണ്. ഫ്രാൻസിസ് മാർപാപ്പ ഈയിടെ പുറപ്പെടുവിച്ച 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശ്വാസജീവിതത്തെ വിശുദ്ധജീവിതമായിട്ടാണ് വിശേഷിപ്പിക്കുന്നത്. വിശുദ്ധി തന്നെയാണ് ക്രൈസ്തവജീവിതത്തിന്റെ സാക്ഷ്യവും. സ്നേഹജീവിതത്തിന്റെ പൂർണ്ണതയും. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 2011 ഏപ്രിൽ 13 ലെ ഒരു പ്രബോധനത്തിൽ 'വിശുദ്ധി എന്നത് സ്നേഹം ജീവിക്കുന്നതിന്റെ പൂർണ്ണത'യാണെന്ന് പറയുന്നുണ്ട്. ഫ്രാൻസിസ് പാപ്പായുടെ വീക്ഷണത്തിൽ, 'വിശുദ്ധി നമ്മുടെ മിഷൻ അഥവാ ദൗത്യമാണ്'. എല്ലാവർക്കും അവരവരുടെ രീതിയിൽ വിശുദ്ധജീവിതം നയിക്കാൻ സാധിക്കും (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ ഖ. 21). കൃഷി, മത്സ്യബന്ധനം, കാലി വളർത്തൽ, വ്യാപാരം, വ്യവസായം, ഉദ്യോഗം, രാഷ്ട്രീയം, രാജ്യഭരണം, സമൂഹോദ്ധാരണം, കല, സാഹിത്യം, മാധ്യമപ്രവർത്തനം, പരിസ്ഥിതി സംരക്ഷണം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവർ ദൈവസ്നേഹത്തെ മുൻനിർത്തി സ്വന്തം നന്മയ്ക്കും മറ്റുള്ളവരുടെ നന്മയ്ക്കുമായി പ്രവർത്തിക്കുമ്പോൾ അവർ വിശുദ്ധിയിൽ വളരുകയാണ്. സത്യം, നീതി. സ്നേഹം, കാരുണ്യം, ക്ഷമ, ദയ, സൗമ്യത, ആത്മസംയമനം മുതലായ പരിശുദ്ധാത്മ ദാനങ്ങളായിരിക്കണം എല്ലാ കാര്യങ്ങളിലും ശക്തി നൽകേണ്ടത്.

ജീവന്റെ മൂല്യം സംരക്ഷിക്കുവാൻ ഓരോരുത്തരും അതീവ നിഷ്ക്കർഷയോടെ പഠിക്കുകയും പഠിപ്പിക്കുകയും വേണം. പ്രായമായവരോടുള്ള ബഹുമാനവും അവർക്ക് നൽകേണ്ട സംരക്ഷണവും ക്രൈസ്തവധർമ്മമായി നാമോരോരുത്തരും ഏറ്റെടുക്കേണ്ടതുണ്ട്. ഗർഭഛിദ്രവും ദയാവധവും ജീവന്റെ മൂല്യത്തിന് എതിരായ പാപകൃത്യങ്ങളാണ്. ഈ അവബോധം മനുഷ്യമനസ്സുകളിൽ രൂഢമൂലമാകണം. കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ വിവാഹത്തിനായി ഒരുങ്ങാനും നല്ല കുടുംബജീവിതം നയിക്കാനും വേണ്ട പരിശീലനം ലഭിക്കേണ്ടതുണ്ട്.

2018 ഒക്ടോബർ മാസത്തിൽ റോമിൽവച്ച് നടക്കുന്ന സിനഡിന്റെ വിഷയം യുവജനങ്ങളെക്കുറിച്ചാണല്ലോ. യുവജന പ്രേഷിതത്വത്തെ സജീവമാക്കാനും കാലാനുസൃതമാക്കാനും യുവജന സിനഡ് സഹായകരമായി തീരുമെന്ന് നമുക്ക് പ്രത്യാശിക്കാം. യുവജന പ്രേഷിതത്വത്തിനായി നമ്മുടെ രൂപതകളിലും മിഷൻ പ്രദേശങ്ങളിലും ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി യുവജനങ്ങളെ വിശ്വാസത്തിലും ധാർമ്മികതയിലും വളർത്തിയെടുക്കാൻ ഉതകുന്ന പരിശീലനരീതികളും കർമ്മപരിപാടികളും നമ്മൾ ഇനിയും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു .

മൂന്നാമതായി, ഏവരുടെയും ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ശരിയായ ദർശനമാണ്. ദൈവകൃപ അഥവാ ദൈവാത്മാവിന്റെ പ്രവർത്തനം ആണ് ഓരോ ക്രൈസ്തവനിലൂടെയും സംഭവിക്കേണ്ടത്. ദൈവാത്മാവിന് കാതോർക്കുന്നവനാണ് ക്രൈസ്തവൻ. വി. പൗലോസ് ശ്ലീഹ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: 'എന്റെ വചനവും പ്രസംഗവും വിജ്ഞാനം കൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത് (1 കോറിന്തോസ് 2: 4 – 5). ഈ ക്രൈസ്തവദർശനത്തിനു പകരം ആധുനികകാലത്ത് ഓരോരുത്തരും ജീവിതവിജയത്തെ തങ്ങളുടെ നേട്ടമായി കാണുന്ന ഒരു ചിന്താരീതിയും പ്രവർത്തനശൈലിയും വളർന്നു വരുന്നുണ്ട്. 'സമകാലിക ജ്ഞാനവാദം' എന്നാണ് ഫ്രാൻസിസ് പാപ്പ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇതിനെ വിശേഷിപ്പിക്കുന്നത്. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽതന്നെ തെറ്റായ പ്രബോധനമായി സഭാപിതാക്കന്മാർ ഈ വാദത്തെ നിരാകരിച്ചിട്ടുള്ളതാണ്. ഈ ചിന്താഗതിക്കെതിരെ സഭയുടെ ശരിയായ ആദ്ധ്യാത്മികവീക്ഷണം നാം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. സുവിശേഷത്തിന്റെ ദൈവശാസ്ത്രപരവും ധാർമ്മികവുമായ പ്രബോധനത്തെക്കുറിച്ച് വിചിന്തനം ചെയ്യുവാൻ ശരിയായ രീതിയിൽ യുക്തി ഉപയോഗിക്കേണ്ട

തുണ്ട്. അതോടൊപ്പം യുക്തിക്കതീതമായ വിശ്വാസരഹസ്യങ്ങൾ നമ്മുടെ രക്ഷയ്ക്ക് ഉപകരിക്കുന്നതാകയാൽ അതിനെ നാം സ്വീകരിക്കുകയും വേണം. നമ്മുടെ ബുദ്ധിയുടെ പ്രവർത്തനം കൊണ്ട് മാത്രം വിശ്വാസത്തിന്റെ എല്ലാ രഹസ്യങ്ങളെയും അപഗ്രഥിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുമെന്ന് കരുതുന്നത് വിശ്വാസത്തിന്റെ സ്വഭാവത്തിന് നിരക്കാത്തതാണ്. അപ്രകാരം ചെയ്യുന്നവർ ദൈവികരഹസ്യങ്ങളെ വിശ്വാസത്തിൽനിന്ന് വേർപെടുത്തുന്നു. അതുവഴി അവർ ക്രിസ്തുവില്ലാത്ത ഒരു ദൈവത്തിനും തിരുസ്സഭയില്ലാത്ത ഒരു ക്രിസ്തുവിനും ദൈവജനമില്ലാത്ത സഭയ്ക്കും മുൻഗണന നൽകുന്നു എന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു.

സമീപകാലങ്ങളിലുണ്ടായ ഓഖി, നിപ്പ എന്നീ ദുരന്തങ്ങളെയും കാലവർഷകെടുതികളെയും നേരിടുവാൻ സഭാമക്കൾ കൂട്ടായ്മയോടെ ചെയ്ത പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. കുട്ടികളെയും സ്ത്രീകളെയും പീഡനങ്ങൾക്ക് വിധേയമാക്കുന്ന സാമൂഹിക പ്രവണതകൾക്കെതിരെ നാം ജാഗ്രത പാലിക്കേണ്ടതുണ്ട്. ഇവരുടെയും മറ്റു ദുർബല വിഭാഗങ്ങളുടെയും സംരക്ഷണം നമ്മുടെ കടമയാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിനീകരണം ഇല്ലാതാക്കാനും നാം ശ്രദ്ധിക്കണം. കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയിലും തുറസ്സായ സ്ഥലങ്ങളിലും കൃഷിചെയ്യാനും മരങ്ങൾ നട്ടുപിടിപ്പിക്കാനും ഇടവക അടിസ്ഥാനത്തിൽ പരിശ്രമിക്കേണ്ടതുണ്ട്. പാവപ്പെട്ടവർക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്ന നമ്മുടെ ശുശ്രൂഷ ഇനിയും തുടരേണ്ടതാണ്. ഇപ്രകാരം ക്രിസ്തീയ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വക്താക്കളും സാക്ഷികളും ആകുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ സഭയിലെ പ്രവാസികൾക്കായി വിശിഷ്യാ, ഗൾഫ് നാടുകളിലെ സീറോ മലബാർ വിശ്വാസികൾക്കായി പ്രത്യേകം പ്രാർത്ഥിക്കാനും ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു.

ഈശോമിശിഹായാകുന്ന വഴിയും സത്യവും ജീവനും ഭാരതമക്കൾക്ക് സംഭാവന ചെയ്ത മാർതോമാശ്ലീഹായുടെ മാർഗ്ഗം അതിന്റെ

ലാളിത്യത്തിലും പൂർണ്ണതയിലും നമ്മുടെ ജീവിതങ്ങളിൽ പ്രകാശിപ്പിക്കുവാൻ ദുക്റാന തിരുനാളിന്റെ ആഘോഷം നമുക്ക് പ്രചോദനമാകട്ടെ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമ്മുടെ ജീവിതത്തിലൂടെയും അന്വർത്ഥമാകട്ടെ. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ !

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്.

*കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018–ാം ആണ്ട് ജൂൺ മാസം 13–ാം തീയതി നല്കപ്പെട്ടത്.*

## രൂപതാകച്ചേരി വാർത്തകൾ

### Appointment and Transfers

**Parishes:**

| | | |
|---|---|---|
| 1. **Very. Rev. Fr. Augustine Urumpukattil** | : | Protosynchellus, Bodhana Pastoral Centre |
| 2. **Rev. Fr. Francis Allumpurathu, o.praem** | : | Additional Charge, Parish priest, Little Flower Cathedral, NR Pura |
| 3. **Rev. Fr. Jose Pathiyamoolayil, mcbs** | : | Judicial Vicar |
| 4. **Rev. Fr. James Pulthakadiyel** | : | Additional Charge, Parish Priest, Infant Jesus Church, Moolekatte, Bhadravathi |
| 5. **Rev. Fr. Sebastian Pullukatt** | : | Director, Bodhana Pastoral Centre |
| 6. **Rev. Fr. Mathew Chellamkattil, o.praem** | : | Parish Priests, St. Antony's Church, Varkatte |
| 7. **Rev. Fr. Antony Odackal** | : | Parish Priest , and Director of Old Age Home, Sagar |
| 8. **Rev. Fr. Thomas Kalloor, mcbs** | : | Parish Priest, Kristuraja Church, Anavatty |
| 9. **Rev. Fr. Augustine Kannappilly, mcbs** | : | Parish Priest, Lourde Matha Church, Nagavally |
| 10. **Rev. Fr. Jimmy Kalloor, mcbs** | : | Parish Priest, St. Joseph Church, Davengere |
| 11. **Rev. Fr. Priyesh Puthussery** | : | Assistant, handanackampara, Tellicherry |
| 12. **Rev. Fr. James Cherucheruppil,** | : | Assistant, Little Flower Kolping Fathers Cathedral, NR Pura |

## Commissions

| | | |
|---|---|---|
| Home Mission | : | Director, Very Rev. Fr. Augustine Urumpukattil |
| Catechism and Bible | : | Asst. Directors – Rev. Fr. Sebastian Pullukatt & Rev. Fr. Sebastian (Galal) Mundackamattam, o.praem |

## Eparchial Tribunal

| | | |
|---|---|---|
| Judicial Vicar | : | Rev. Fr. Jose Pathiyamoolayil, mcbs |
| Promoter of Justice | : | Very Rev. Fr. Urumpukattil Augustine |
| Defender of Bond | : | Rev. Fr. Allumpurathu Francis, o.praem |
| Notaries | : | Rev. Fr. Palakudiyil Tomy |
| | : | Rev. Sr. Bincy Lizbeth, cmc |

## നന്ദി, സ്വാഗതം

രൂപതയിലെസ്തുത്യർഹമായസേവനത്തിനുശേഷംസ്ഥലംമാറിയിരിക്കുന്ന ബഹു. തോമസ് പള്ളത്തച്ചനും, അബ്രാഹം കിഴക്കേപറമ്പിലച്ചനും, ഡോമിനിക്ക് കൊച്ചുമലയിലച്ചനും രൂപതയുടെ മുഴുവൻ നന്ദിയും പുതിയ പ്രേഷിതമേലയിൽ എല്ലാ വിജയങ്ങളും നേരുന്നു.

രൂപതയിലേക്ക് പുതുതായി സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. മാത്യു ചെല്ലംകാട്ടിലച്ചനെയും, അഗസ്റ്റ്യൻ കന്നപ്പിള്ളിലച്ചനെയും, ജെയിംസ് ചെറുചെറുപ്പിലച്ചനെയും, മറ്റെല്ലാ ബഹു. സിസ്റ്റേഴ്സിനെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## Presbyterium -1

Meeting of the diocesan Presbyterium was held on 27 March 2018 at 10.15am at Bodhana Pastoral Centre. Meeting began with a prayer led by Fr. Antony Odackal. Very Rev. Fr. Augustine Urumpukattil, Vicar General welcomed everybody, especially Fr. Amal Valiyaparambil mcbs who is participating first time in the presbyterium. Fr. Francis

Allumpuram presented the minutes of the last meeting. Bishop Joseph gave the introductory message and presented the agenda of the meeting.

**Agenda:**

1. Registration of parish as Trust
2. 12A certificate
3. Accounts and IT returns
4. Any other

Further Mr. Sam Mathew, the accountant of the diocese gave an explanation on all the above points.

**1. Trust:**

- Registration of parishes as trust is done in almost every parishes except Kogar, Kargal, Joga and Holehonnur.

**2. 12A Certificate and IT returns:**

- Payment for any amount above 10,000/- should be through check
- Bill should be in the name of the trust
- Donations and loans only through cheque
- Receipt should be issued for all income
- There should be bills / vouchers for all expenses
- Trial balance should be prepared
- Copy of the trust deed, 12a certificate, PAN etc. should be submitted to the diocesan curia
- Keep the originals of the above in the parish office
- Should not laminate any original documents
- Monthly *therattu* and special collections should be given to the diocesan curia in time

## 3. Other:

- Those who need the service of the major seminarians inform Fr. Tino
- Priests' Seminar on 17 and 18 April 2018 at Bodhana
- State Election – Bishop requested all to pray for a democratic government
- Sample certificate for the service of the kaikars presented by Fr. Pullukatt Sebastian is accepted.
- Fr. Kulathinkal invited everybody for the consecration of the renovated Church at Shettikoppa on 1st May 2018.

Meeting was followed by lunch and Chrism mass.

**Presbyterium -2**

Meeting of the diocesan Presbyterium was held on 17 April 2018 at 09.00pm at Bodhana Pastoral Centre. Meeting began with a prayer led by Fr. Abraham Kizhakkeparambil. Very Rev. Fr. Augustine Urumpukattil, Vicar General welcomed everybody, especially Fr. Jose Perumpuzha who has come for holidays from US and Fr. Jimmy Kalloor, mcbs who is new to the presbyterium. Fr. Francis Allumpuram presented the minutes of the last meeting. Bishop Joseph gave the introductory message and presented the agenda of the meeting. Bishop reminded all to continue the land registration process as early as possible. The Presbyterium was gathered mainly to discuss about the Home Mission to be started in our diocese.

Sr. Elizabeth LWSH gave a short description on Home Mission ministry and the necessary preparation to be done in the parishes. The motto is "finding the lost and saving them." The success of the home mission depends on how the Parish Priest, Sisters serving in the parish and the families respond to it. Hence one month or at least fifteen days prayer and preparation is necessary. There should be a group for intercessory prayer and on concluding day there should be special Mass and agape. More details will be given later.

A tentative list as prepared:

| | |
|---|---|
| Umblebylu | : April last |
| Bhadravathi | : May 6 onwards |
| Shettikoppa | : May 21 – 27 |
| Sagar | : July 4 onwards |
| Induvally | : August last week |

Information was given regarding the forth coming Christeen Retreat organized by the Mission League and the seminar for the catechism teachers by the respective Directors.

**ആലോചനാസംഘം**

2018 ഏപ്രിൽ 17 ഉച്ചകഴിഞ്ഞ് 4.30–രൂപതാ ആലോചനാസംഘം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ബോധനാ പാസ്റ്ററൽ സെന്റർ, സാഗർ വൃദ്ധസദനം എന്നിവയുടെ നടത്തിപ്പിനെ സംബന്ധിച്ച് ചർച്ച ചെയ്തു. ഒപ്പം ഷംഷാബാദ് രൂപതയിൽ നിന്നുള്ള, നമ്മുടെ രൂപതയോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലെ അജപാലന ശുശ്രൂഷ ഏറ്റെടുക്കുക എന്ന അഭ്യർത്ഥന ചർച്ച ചെയ്തു. ചിത്രദുർഗ്ഗ, ദാവണഗരെ, ഹാവേരി, ഉത്തര കന്നഡ എന്നിവിടങ്ങൾ പരിഗണിക്കാൻ യോഗത്തിൽ ധാരണയായി. അടുത്ത യോഗം 2018 ജൂൺ 23–ന് 10 മണിക്ക് ചേരുന്നതാണെന്ന് അറിയിച്ചു.

**വൈദിക സെമിനാർ**

